ഹദീസ്

സുബൈർ കുന്ദമംഗലം

# ലാഭച്ഛേതങ്ങൾ കണക്കാക്കുമ്പോൾ

عَنْ أَبِي كَبْشَةَ الأَنْمَارِيِّ رضي الله عنه أَنَّهُ سَمِعَ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ : ثَلاَثَةٌ أُقْسِمُ عَلَيْهِنَّ : مَا نَقَصَ مَالُ عَبْدٍ مِنْ صَدَقَةٍ ، وَلاَ ظُلِمَ عَبْدٌ مَظْلِمَةً صَبَرَ عَلَيْهَا إِلاَّ زَادَهُ اللَّهُ بِهَا عِزًّا، وَلاَ فَتَحَ عَبْدٌ بَابَ مَسْأَلَةٍ إِلاَّ فَتَحَ اللَّهُ عَلَيْهِ بَابَ فَقْرٍ (رواه التّرمذى وقال هَذَا حديث صحيح)

**അബൂ കബ്ശഃ അൽ അൻമാരി(റ)യിൽനിന്ന്. നബി(സ) പറയുന്നതായി അദ്ദേഹം കേട്ടു: മൂന്ന് കാര്യങ്ങളുടെ പേരിൽ ഞാൻ സത്യം ചെയ്യുന്നു. ദാനം ഒരടിമയുടെയും സമ്പത്ത് കുറക്കുകയില്ല. അക്രമിക്കപ്പെട്ടതിന്റെ പേരിൽ ക്ഷമ കൈക്കൊള്ളുന്ന അടിമക്ക് അല്ലാഹു അന്തസ്സ് അധികരിപ്പിക്കാതിരിക്കില്ല. യാചനയുടെ കവാടം തുറന്നിട്ട അടിമക്ക് അല്ലാഹു ദാരിദ്ര്യത്തിന്റെ വാതായനം തുറക്കാതിരിക്കില്ല. (തിർമിദി. ഈ ഹദീസ് സ്വഹീഹ് ആണെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു)**

ജീവിതാനുഭവങ്ങളെ ആഴത്തിലും പരപ്പിലും അപഗ്രഥിക്കാതെ ഉപരിപ്ലവമായി വിലയിരുത്താനാണ് പലർക്കും താൽപര്യം. പ്രശ്നങ്ങളിൽ മിഥ്യാ ധാരണകൾ വെച്ചുപുലർത്തുകയും അങ്ങനെ തെറ്റായ വഴികളിൽ എത്തിച്ചേരുകയുമാകും ഇതിന്റെ ഫലം. ഉപകാരമായി മാറിയേക്കാവുന്ന കാര്യം ഉപദ്രവമായും, ലാഭകരമായത് നഷ്ടമായും, ദാരിദ്ര്യത്തെ ഐശ്വര്യമായും, ജീവിതക്ലിഷ്ടതയെ ജീവിത വിശാലതയായും വികലമായി മനസ്സിലാക്കാനും അത് ഇട വരുത്തും. വികലമായ ഈ കാഴ്ചപ്പാട് തിരുത്തുകയാണ് ഈ നബിവചനം. കാര്യങ്ങൾ നല്ലതോ തിയ്യതോ എന്ന് വിലയിരുത്തേണ്ടത്, അന്ത്യപരിണതിയും അവസാനം ലഭിക്കുന്ന ഗുണഫലങ്ങളും നോക്കിക്കൊണ്ടാവണം. അതൊരിക്കലും ഉപരിപ്ലവമായ വിശകലനം കൊണ്ടായിക്കൂടാ. ഇതാണ് നബി(സ) ഉണർത്തുന്നത്. നമുക്ക് ഒറ്റനോട്ടത്തിൽ നഷ്ടമെന്ന് തോന്നുന്ന പലതും പിന്നീട് നന്മ നിറഞ്ഞതും ലാഭകരവും ഗുണകരവുമായി മാറാറുണ്ട്. നിന്ദ്യമെന്നും അപഹാസ്യമെന്നും തെറ്റിദ്ധരിക്കുന്ന പലതും അല്ലാഹുവിങ്കൽ ഏറെ മാന്യവും സ്വീകാര്യവുമായേക്കാം.

സമ്പത്ത് അടിസ്ഥാനപരമായി അല്ലാഹുവിന്റേതാണെന്നും മനുഷ്യൻ കേവലം കൈകാര്യകർത്താവ് മാത്രമാണെന്നുമുള്ള കാഴ്ചപ്പാടാണ് ഇസ്‌ലാമിന്റേത്. ഉടമസ്ഥാവകാശവും കൈകാര്യാവകാശവും അനുവദിക്കുക വഴി സമ്പാദനത്തിനും സാമ്പത്തിക വളർച്ചക്കും അതിരില്ലാത്ത പ്രോത്സാഹനമാണ് ഇസ്‌ലാം പ്രഖ്യാപിച്ചിട്ടുള്ളത്. അതോടൊപ്പം സമ്പന്നന്റെ മുതലിൽ പാവപ്പെട്ടവന്നും ഗതിമുട്ടിയവന്നും അവകാശമുണ്ടെന്ന് വ്യക്തമാക്കുകയും ചെയ്തു. അഗതിക്ക് അവകാശപ്പെട്ട അന്നം നൽകാൻ പ്രേരിപ്പിക്കാത്തവനെ മതനിഷേധിയെന്നാണ് ഖുർആൻ അഭിസംബോധന ചെയ്തിട്ടുള്ളത് (*അൽമാഊൻ* 3). ജനപക്ഷത്ത് നിലയുറപ്പിച്ച് അവശരുടെയും അശരണരുടെയും കണ്ണീരൊപ്പാൻ ഖുർആൻ അടിക്കടി നിർദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുമുണ്ട്.

ദാനധർമങ്ങൾ സമ്പത്ത് നഷ്ടപ്പെടുത്തില്ലെന്നും അത് വർധനവാണുണ്ടാക്കുകയെന്നും പ്രവാചകൻ സത്യം ചെയ്ത് പറയുകയാണ്. ജീവിതത്തെക്കുറിച്ച അപക്വമായ കാഴ്ചപ്പാടുള്ളവർക്കും ഭാവിയെ പേടിക്കുന്നവർക്കും മാത്രമേ ധനവ്യയം നഷ്ടമായി തോന്നുകയുള്ളൂ. പ്രപഞ്ചനാഥന് സർവാത്മനാ സമർപ്പിച്ചവന് ദാനധർമങ്ങൾ ആത്മസായൂജ്യവും നിർവൃതിയും സമ്മാനിക്കുന്നു.

മനുഷ്യജീവിതം സുഖദുഃഖ സമ്മിശ്രമാണ്; ഇരുട്ടും വെളിച്ചവും പോലെ, കയറ്റവും ഇറക്കവും പോലെ. പരീക്ഷണങ്ങളുടെ നടുക്കയത്തിൽ മുങ്ങിത്താഴുമ്പോൾ ക്ഷമയും തവക്കുലും മാത്രമാണ് സത്യവിശ്വാസിയുടെ കൈമുതൽ. അനീതിയും അശാന്തിയും നിറഞ്ഞ ലോകത്ത് അധികാരി വർഗത്തിന്റെയും കൈയൂക്കുള്ളവരുടെയും ഭീകരമർദനങ്ങൾക്ക് അയാൾ ഇരയാവുകയും ചെയ്തേക്കാം. ഒരുവേള സ്വന്തം അസ്തിത്വം പോലും ചോദ്യം ചെയ്യപ്പെട്ടേക്കാം.

അക്രമങ്ങളും പീഡനങ്ങളുമേൽക്കേണ്ടി വരുന്ന നിസ്സഹായരുടെ നിലവിളി അല്ലാഹു കേൾക്കാതിരിക്കില്ല. അല്ലാഹു ക്ഷമാലുക്കളുടെ കൂടെയാണെന്നും സഹനശക്തരെ അല്ലാഹു ഇഷ്ടപ്പെടുന്നുവെന്നും ഖുർആൻ: ''വിശ്വാസികളേ, നിങ്ങൾ നമസ്കാരം കൊണ്ടും ക്ഷമകൊണ്ടും സഹായം തേടുവിൻ'' (*അൽ ബഖറ* 45). മർദിതന്റെ പ്രാർഥനക്കും അല്ലാഹുവിനുമിടയിൽ മറയില്ലെന്ന് നബി(സ) അറിയിച്ചിട്ടുണ്ട്. വിശ്വാസത്തിന്റെ അർധാംശമായ ക്ഷമ കൈവിടുന്നതോടെ മനുഷ്യൻ അതീവ ദുർബലനായിപോകുന്നു. ക്ഷമ കൈവെടിയാതെ പരീക്ഷണങ്ങളെ നേരിടുമ്പോഴെല്ലാം മനുഷ്യന്റെ അന്തസ്സ് ഉയരുകയാണ് ചെയ്യുന്നത്.

അധ്വാന പരിശ്രമങ്ങൾക്കും ധനസമ്പാദനത്തിനും പ്രോത്സാഹനം നൽകിയ ഇസ്‌ലാം യാചന അതിശക്തമായി നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്. ദാനം നൽകുന്ന കൈകളാണ് സ്വീകരിക്കുന്ന കൈകളേക്കാൾ ഉത്തമമെന്ന് പ്രവാചകൻ അരുളി. യാചന ദാരിദ്ര്യത്തിലേക്കുള്ള വാതിലുകൾ തുറന്നിടുമെന്ന് അവിടുന്ന് മുന്നറിയിപ്പ് നൽകുന്നു. യാചന മനുഷ്യന്റെ ആത്മാഭിമാനം പണയപ്പെടുത്തുന്നു. അന്യന്റെ മുമ്പിൽ ശിരസ്സ് കുനിക്കാൻ പ്രേരിപ്പിക്കുന്നു. അന്തസ്സില്ലാത്ത ജീവിതം നയിക്കാൻ ഹേതുവായിത്തീരുന്നു. ചുമതലാബോധം നഷ്ടപ്പെടുത്തുന്നു. സൽസ്വഭാവവും മാന്യതയും കളങ്കപ്പെടുത്തുന്നു. ലജ്ജാശീലം ചോർത്തിക്കളയുന്നു.

അന്തസ്സിനും ആത്മാഭിമാനത്തിനും വില കൽപിക്കുന്ന ഒരു ഉത്തമ സമൂഹ സൃഷ്ടിക്ക് അനിവാര്യമായ മൂന്ന് കാര്യങ്ങൾ ഉണർത്തിയിരിക്കുകയാണ് ഈ ഹദീസിൽ. ●